ണ്ടിയല്ല, റിക്കാർഡിൽ പതിഞ്ഞു കിടക്കുവാൻവേണ്ടി ഞാൻ ഈ റസല്യൂഷൻ ഇവിടെ പ്രസ്തുതം ചെയ്യുന്നു.

Resolution put and carried.

RESOLUTION No. 40

Bettering the condition of Sub-Jails

Mr. Puthur Achyuta Menon *(Kattur): "This Council recommends to the Government that early steps be taken to better the conditions of the Sub-Jails of the State"* This is my resolution. സർ, ഒരു പ്രസംഗത്തിന്റെ പിൻതുണകൂടാതെതന്നെ നില്ക്കുവാൻ കെൽപ്പുള്ള ഒരു പ്രമേയമാണു് കൊച്ചി നിയമസഭയുടെ ആലോചനക്കു ഞാൻ സമർപ്പിക്കുന്നതെന്നു് എനിക്കു ദൃഢമായ വിശ്വാസമുണ്ടു്. പരമാർത്ഥത്തിൽ കൊച്ചിയിലെ കോടതികളിൽ നടക്കുന്നതായ ക്രിമിനൽ നടപടികൾ കഴിഞ്ഞു്, സെൻട്രൽ ജയിലിൽ പോകുന്നതിനുമുമ്പുതന്നെ ശിക്ഷ ഏതാണ്ടു് അനുഭവിച്ചു തീരത്തക്ക നിലയിലാണു് കൊച്ചിരാജ്യത്തെ സബ്ബുജയിലുകളുടെ ഇന്നത്തെ നിലയെന്നു് ഇവിടത്തെ മെമ്പർമാരോടു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല. പല കേസ്സുകളും കഴിഞ്ഞു മുന്നകിൽ ശിക്ഷിക്കുകയൊ, അല്ലെങ്കിൽ രക്ഷിക്കുകയൊ ചെയ്യുമെന്നുള്ള സ്ഥിതി വരുമ്പോൾ ആ കേസ്സിൽ ചാർജ്ജു ചെയ്തിരുന്ന എത്ര ആളുകളെ ശിക്ഷിക്കുവാൻ കിട്ടുന്നുണ്ടെന്നു് ഒരു കണക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും എടുക്കുമ്പോൾ എന്റെ ഈ പ്രമേയം എത്ര പ്രാധാന്യമുള്ളതാണെന്നു് കാണാവുന്നതാണു്. കേസ്സു ചാർജ്ജു ചെയ്തിട്ടുള്ളവരിൽ വളരെ വളരെ ആളുകൾ സബ്ബുജയിലുകളിൽ കിടന്നു മരിച്ചുതായി കൊച്ചിയിലെ പോലീസ്സു ഭരണത്തിന്റെ റിപ്പോർട്ടു് എടുത്തു നോക്കിയാൽ നമുക്കു അറിയാവുന്നതാണു്. സബ്ബുജയിലിന്റെ അകത്തു കിടന്നു ആളുകൾ മരിക്കുന്നതു് എങ്ങിനെയാണെന്നു് വിചിന്തനം ചെയ്യേണ്ട ഒരു സന്ദർഭമല്ല ഇതു്. എന്നാൽ സബ്ബുജയിലിന്നകത്തുകിടന്നു് മരിക്കുന്നതിന്റെ പ്രധാനകാരണം കൊച്ചിയിലെ സബ്ബുജയിലുകളുടെ ദയനീയസ്ഥിതിയാണെന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. കൊച്ചിയിലെ ഏതെങ്കിലും ഒരു സബ്ബുജയിലിൽ വേണ്ടതുപോലെ സൌകര്യമൊ, സ്ഥലമൊ ഉണ്ടെന്നു പറയുവാൻ സാധിക്കുന്നതല്ല. അങ്ങിനെയുള്ള ഒരു സ്ഥിതി മാറേണ്ടതു് എത്രയും അത്യാവശ്യമാണു്.

പ്രമാദമായ ക്രിമിനൽകേസ്സുകളിലെ വിധികളിൽ ബഹുമാനപ്പെട്ട കോടതികളിൽ നിന്നുതന്നെ പറയുന്നതു് ഒരു മനുഷ്യൻ കുറ്റക്കാരനാണെന്നുവെച്ചു ചാർജ്ജു ചെയ്തിരുന്നാലും അയാളെ ശിക്ഷിക്കുന്നതുവരെ കുറ്റക്കാരനാണെന്നു പറയുവാൻ നിവൃത്തിയില്ലായെന്നാണു്. പ്രമാദമായ ഒരുകേസ്സു ആലോചനയിലിരിക്കുമ്പോൾ ആ കുറ്റക്കാരനെ ശിക്ഷിക്കുന്നതുവരെ ജഡ്ജിതന്നെ അയാളോടു മൃദുഭയായി പെരുമാറണമെന്നുണ്ടു്. "The Judges are expected to be lenient to the accused at least till they are convicted for there is no proof that they are guilty" എന്നാണു പറയുന്നതു്. യഥാർത്ഥത്തിൽ ഒരാൾ കുറ്റക്കാരനാണെന്നു തെളിവില്ലെങ്കിലും കുറ്റക്കാരനല്ലെന്നു തെളിയുന്നതുവരെ അയാൾക്കു ജയിലിൽകിടക്കേണ്ടിവരും. കുറ്റക്കാരനാണെങ്കിലും ശിക്ഷവരേക്കും ജയിലിൽ കിടക്കണം. സർവ്വവിധത്തിലും പുരോഗമനപരമായി പ്രവർത്തിച്ചുവരുന്നുവെന്നു പറയുന്ന കൊച്ചി ഗവൺമെണ്ടു്, വിപ്ലവപരമായ ഭരണപരിഷ്കാരങ്ങൾ വരുത്തി മറ്റുരാജ്യങ്ങളെ പിന്നിലാക്കുന്നു എന്നഭിമാനിക്കുന്ന കൊച്ചിഗവൺമെണ്ടു്, ഈ കാര്യത്തിലാണു് ആദ്യമായി പരിശ്രമിക്കേണ്ടതു്. നിങ്ങളുടെ മുറിക്കകത്തു് കിട്ടിയവരെ നിങ്ങൾക്കു എങ്ങിനെ വേണമെങ്കിലും ശിക്ഷിക്കാം. എന്നിരുന്നാലും മനുഷ്യരോടു പെരുമാറുന്നതുപോലെയല്ല നിങ്ങൾ അവരോടു പെരുമാറുന്നതു്. നിങ്ങൾ അവരെ കുറ്റക്കാരാണെന്നുകണ്ടു് ശിക്ഷിക്കുന്നതുവരെ നിയമങ്ങളെല്ലാം കർശനമായിട്ടു പാലിച്ചുകൊള്ളുക. പക്ഷെ നിയമവിരുദ്ധമായി പെരുമാറാതിരിക്കുക, മനുഷ്യരോടു പെരുമാറുന്നതുപോലെ കുറ്റക്കാരായ മനുഷ്യരോടും പെരുമാറണമെന്നുള്ള ഒരേ അപേക്ഷയോടുകൂടി ഈ പ്രമേയം ഈ സഭയുടെ സ്വീകരണത്തിനായി ഇവിടെ സമർപ്പിച്ചുകൊള്ളുന്നു.

Mr. K. R. Viswambharan *(Ezhuvas-Talappalli):* I second the resolution.

Mr. A. B. Salem *(Mattancheri):* I wish to support this resolution. The conditions of the sub-jails today are obnoxiously repulsive. They have been built perhaps in prehistoric days and are continued even to the present day. Ventilation is perhaps nil. Accommodation is very limited. Sometimes in places where you can put only 2 or 4, you are putting 20 individuals and with very nasty consequences of people fainting and getting sick, and then afterwards Government have to spend upon them to take care of their lives. Recently, there have been some unfortunate occurrences in the State of which I do not wish to say here. The consequence

LIBRARY ARCHIVES Kerala Legislative Assembly

was that the sub-jail attached to the Police Station at Mattancheri was overful and the people fainted. We interfered, not publicly, but out of human considerations, and told the doctor that he should advise that some of them should be housed elsewhere. Even the doctor was not bold enough to come forward and give the remedy with the result that persons who have behaved wrongly towards their own masters have suffered very severely even before they were condemned and sent to jail. So, the conditions need considerable improvement and the sooner the Government do it the better. After all, the cost is not very much. You have only to look to the safety of a man brought to the police station for safe custody for 24 hours. Why should he be kept there as a wild animal? Even wild animals in the Zoo have got better arrangements and better ventilation. Even if you are going to ask them to starve, I won't mind. But give them convenience—fresh air and other sanitary arrangements which cost you nothing. Put them behind big iron bars. But to keep them in dark dingy rooms perhaps with filth also, sometimes lead to undesirable results. Moreover, you put 5 or 6 in a room which is not sufficient to accommodate even two. What are they to do to answer the calls of nature? What is the result? The air gets fouled even inside the room. Some modern arrangements must be made and the sooner you make it the better for all concerned. I do not wish that I should ever have a chance of getting into those rooms.

Mr. E. Ikkanda Warriar *(Cheruthuruthi)*: Why not? For every speech you make you can be arrested.

Mr. A. B. Salem *(Mattancheri)*: If for my speeches I am arrested, of course I may have to go.

Mr. V. J. Mathai *(Planters)*: Then you will have a jolly time. *(Laughter)*.

Mr. A. B. Salem *(Mattancheri)*: Yes. I will have a jolly time. Conditions are getting very bad, and I hope this resolution will open the eyes of Government and that the Government will take early steps to do away with these difficulties. I do not ask Government to give them luxurious bedding, luxurious meals and things like that. I only request them to give them sufficient air, sufficient ventilation and cleanliness. With these few remarks, I support the resolution.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ, ഈ പ്രമേയത്തെസംബന്ധിച്ച് രണ്ടുവാക്കു പറയണമെന്നു ഞാനും ആഗ്രഹിക്കുന്നു. കേസ്സിൽപെട്ട് ശിക്ഷക്കു വിധിച്ചിട്ടുള്ള ആളുകൾക്കു കൊടുക്കുന്നതായിട്ടുള്ള സൌകര്യങ്ങളെങ്കിലും കേസ്സിൽപെട്ടു ശിക്ഷക്കുമുമ്പ് അവർ കുറ്റംചെയ്തിട്ടുണ്ടോ, ഇല്ലയൊയെന്നു തെളിയുന്നതുവരെ ലോക്കപ്പിലിരിക്കുമ്പോൾ അവക്കു കൊടുക്കേണ്ടതാണ്. അങ്ങിനെ കൊടുക്കാതെയിരിക്കുകയാണെങ്കിൽ അതു അക്രമവുമാണ്. ഏതെങ്കിലും വളരെ മോശമായിട്ടുള്ള കുറ്റം ചെയ്താലും മോശമല്ലാത്ത കുറ്റം ചെയ്താലും, കോടതിയിൽനിന്നു അവക്ക് ശിക്ഷ കല്പിച്ചതിനുശേഷമെ സെൻട്രൽ ജയിലിലേക്ക് അയക്കാവുള്ളു. അങ്ങിനെയുള്ളവരുടെ സൌകര്യം ഇതിനേക്കാൾ നല്ലതാണെന്നുണ്ടെങ്കിൽ കുറ്റക്കാരാണെന്നു വിധിക്കുന്നതിനു മുമ്പുള്ളവർ ഈ അസൌകര്യങ്ങൾ കൂട്ടതലായി അനുഭവിക്കണമെന്നു് പറയുന്നതിൽ യാതൊരു യുക്തിയും, ന്യായവും കാണുന്നില്ല. ഞാൻ ഒരിക്കൽ സബ്ജയിലിൽ കിടന്നിട്ടുണ്ട്. പക്ഷെ എനിക്കു് അന്നത്തെ അധികൃതന്മാർ വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിതന്നു. എങ്കിലും എനിക്കു് അവിടെ കഴിച്ചുകൂട്ടുന്നതു വളരെ ബുദ്ധിമുട്ടായിട്ടുതോന്നി. അവിടെ വെൻറിലേഷൻ ഒട്ടുമില്ല. കാറ്റു കടക്കുവാനുള്ള സൌകര്യത്തിനു് അവിടെ ജനലുകൾ ഇല്ല. ഏതെങ്കിലും ഒരാൾ കുറ്റം ചെയ്തിട്ടോ, ചെയ്യാഞ്ഞിട്ടോ ജയിലിൽ പോയെന്നിരിക്കട്ടെ. മുമ്പു അയാൾ വളരെ സുഖത്തോടുകൂടി ജീവിച്ചിരുന്ന ഒരാളാണെങ്കിൽ പെട്ടെന്നു് ഇതിൻെറ ഉള്ളിൽ വരുമ്പോൾ അവിടത്തെ അസൌകര്യംതന്നെ ഒരു ദണ്ഡകാരണമായിട്ടുതീരും. അതു ഇല്ലാതാക്കുവാൻ വേണ്ടിയാണു് ഞാൻ പറയുന്നതു്. കുറ്റംചെയ്യുവൻ ശിക്ഷ അനുഭവിക്കണം. അതു് ലോകന്യായമാണു്. കുറ്റക്കാരാണെന്നു് കോടതി വിധിക്കുന്നതിനുമുമ്പു് കുറ്റക്കാരല്ലാത്തവർ കുറ്റംചെയ്തിട്ടുള്ളവരേക്കാൾ കൂടുതൽ ശിക്ഷ അനുഭവിക്കണമെന്നു ഒരു ഗവൺമെണ്ടും പറയുകയില്ല. ഒന്നാമതു് ഉചിതം, രണ്ടാമതു വെൻറിലേഷൻ, മൂന്നാമതു വായു കിട്ടുവാനുള്ള സൌകര്യം ഇതൊക്കെ സബ്ജയിലിൽ ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണു്. ഞാൻ പോയിട്ടുള്ളതുകൊണ്ടു പറയുന്നതല്ല. എന്നെപ്പോലെ അനവധി ആളുകൾ ജയിലിൽ പോയിട്ടുണ്ടായിരിക്കും. പക്ഷെ അങ്ങിനെയുള്ളവരിൽ കോടതിയിൽനിന്നും കുറ്റക്കാരല്ലെന്നു് പ്രസ്താവിച്ചവരുമുണ്ടാകും. ഇങ്ങിനെ കുറ്റക്കാരല്ലാത്തവരുംകൂടി ഈ ബുദ്ധിമുട്ടു അനുഭവിക്കേണ്ടിവരുന്നതു് വളരെ കഷ്ടമാണു്. അതുകൊണ്ടു് ദയവായി ഗവൺമെണ്ടു് ഇതു മനസ്സിലാക്കി വേണ്ടതു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Rama Varmha Tampuran *(Secretary to Government)*: Government will consider the question and see if any funds can be provided in the next budget to improve matters. The report so far received, however, does not show the situation to be so very bad as expressed in this House. It admits that improvements are necessary and some better sanitary arrangements should be made. Except to that extent and probably a bit of congestion in the Chittur and Irinjalakkuda Sub-jails the report does not admit that the things are so bad as explained here. However, there is no difficulty to look into this matter more carefully and see if some funds could be provided in the next budget.

മിസ്റ്റർ പി. ജെ. മത്തായി: എനിക്ക ഒരു വാക്ക പറയുവാനുണ്ട്. ഇങ്ങിനെയുള്ള കാര്യങ്ങളിൽ മിസ്റ്റർ ഇയ്യണ്ണി അനുഭവസ്ഥനാണ്. അദ്ദേഹത്തിനു ചില സൌകര്യങ്ങളൊക്കെ ചെയ്കൊടുക്കുകയുണ്ടായിട്ടും അദ്ദേഹം പറയുന്ന അവിടെ വലിയ വിഷമങ്ങളെല്ലാം ഉണ്ടെന്നു്. ഇങ്ങിനെയുള്ള കാര്യങ്ങളിലൊക്കെ ഡിപ്പാർട്ടുമെണ്ടു് ഭരിക്കുന്ന ആളുകൾക്ക അനുഭവമുണ്ടാകണമെന്നാണു് ഞാൻ പറയുന്നതു്. ഈ ഡിപ്പാർട്ടുമെണ്ടു് ഭരിക്കുന്നാൾക്ക ഒരു ദിവസമെങ്കിലും അവിടെ കഴിച്ചുകൂട്ടിയ അനുഭവമുണ്ടാക്കണം. ചീഫ് സെക്രട്ടറിയാണെന്നുവെച്ചാൽ ഒരു ദിവസം അവിടെ താമസിക്കണം. (ചിരി) ഞാൻ ഇതു കളിയായിട്ടു പറയുകയല്ല. അങ്ങിനെയായാലേ അവർ ഈ വിഷമങ്ങൾ അറിയുകയുള്ളു. നമ്മുടെ ഗവമ്മെണ്ടു് സെക്രട്ടറിക്ക ഇതിനെപ്പറ്റി നല്ല അറിവില്ല.

മിസ്റ്റർ എം. എൽ. ജോസഫ്: എല്ലാ സബ്ജയിലുകളിലും ഓരോ ദിവസം താമസിക്കണമെന്നുണ്ടോ?

മിസ്റ്റർ പി. ജെ. മത്തായി: ഏതെങ്കിലും ഒന്നിൽ ഒരു ദിവസം കഴിച്ചുകൂട്ടണം. അതുപോലെ കൊച്ചി ഫെറി ബോട്ടിൽകൂടി ദിവാൻജി അവർകളും, മന്ത്രി അവർകളും മറ്റു പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരും ഒരു ദിവസമെങ്കിലും പോകണം. അങ്ങിനെ ആയാലേ ഉദ്യോഗം കൊടുക്കാവൂ. അല്ലാത്തപക്ഷം സംഗതികളെപ്പറ്റി ശരിയായ അറിവുണ്ടാവുകയില്ല. ഇത്രമാത്രമെ എനിക്ക പറയുവാനുള്ളു.

മിസ്റ്റർ പി. അച്യുതമേനോൻ: സർ, ആദ്യമായി ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ അനുഭവപൂർവ്വമായ മറുപടിക്ക ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. ബഹുമാനപ്പെട്ട പൊലീസ്സുകമ്മീഷണർതന്നെ സമ്മതിക്കാത്തതായ ഒരു പരമാർത്ഥം ഈ സഭയിൽ തുറന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. എ. എസ്സ്. പി. യൊ, ഇൻസ്പെക്ടരൊ ഏതെങ്കിലും ഒരു കേസ്സിൽ ഒരുത്തനെ ചാർജ്ജുചെയ്ത കഴിഞ്ഞാൽ രണ്ടു് ദിവസം സബ്ജയിലിൽ കിടന്നാൽ അവർ തന്നത്താൻ പഠിക്കുമെന്നാണു് അവർ പറയുക. അതുകൊണ്ടു യാതൊരു ശിക്ഷയുംകൂടാതെ തന്നത്താൻ എന്തുംപഠിക്കത്തക്കവിധത്തിലാണു് കൊച്ചി രാജ്യത്തെ സബ്ജയിലുകൾ എന്നു മനസ്സിലാകുന്നുണ്ടു്. എറണാകുളത്തേയും തൃശ്ശിവപേരൂരിലേയും സബ്ജയിലുകൾ മറ്റു സബ്ജയിലുകളെ അപേക്ഷിച്ചു കുറച്ചു ഭേദമാണു്. ഇരിങ്ങാലക്കുട, ചിറ്റൂർ മുതലായ പ്രദേശങ്ങളിലെ സബ്ജയിലുകളുടെ സ്ഥിതി വളരെ ശോചനീയമാണു്. രണ്ടു ദിവസം സബ്ജയിലിൽ കിടന്നാൽ അവൻ പഠിക്കുമെന്നു പൊലീസ്സുദ്യോഗസ്ഥന്മാർ പറയണമെങ്കിൽ എത്ര കഷ്ടമാണു് കൊച്ചിയിലെ സബ്ജയിലുകളുടെ സ്ഥിതിയെന്നു ഒരു വിവരണവും കൂടാതെ മനസ്സിലാക്കുവാൻ സാധിക്കും. ഒരു രഹസ്യം ഞാൻ പറയാം. തൃശ്ശിവപേരൂർ സബ്ജയലിൽനിന്നു ചില കുറുപ്പള്ളികളെ ഇരിങ്ങാലക്കുട സബ്ജയിലിലേക്കു കൊണ്ടുവരുന്നതിന്റെ രഹസ്യം എന്താണെന്നു് ഗവമ്മെണ്ടു് ശ്രദ്ധിച്ചിട്ടുണ്ടോ? അതുകൊണ്ടുതന്നെ അറിയാം ഇരിങ്ങാലക്കുട സബ്ജയിൽ എത്രത്തോളം നരകമാണെന്നു്. എന്തിനാണു് ഇവരെ ഇങ്ങിനെ മാറ്റിയതു എന്നു ചോദിച്ചാൽ ആളുകൾ അധികം കാണാതിരിക്കുവാൻ വേണ്ടിയാണെന്നു് ഗവമ്മെണ്ടു പറയും. എന്നാൽ വാസ്തവം അതല്ല. കുറ്റം ചെയ്യുവരെ നിങ്ങൾ ശിക്ഷിക്കുക. കേസ്സിൽ പെട്ടവർക്ക അവർ കുറ്റക്കാരാണെന്നു തെളിയുന്നതുവരെ വേണ്ടതായ സൌകര്യങ്ങൾ ചെയ്കൊടുക്കുക. ഒരു പരിഷ്കൃത ഗവമ്മെണ്ടിന്റെ നിലയിൽ വളരെ ദുഷ്കരമാക്കുന്നതിലല്ല. സ്വകാര്യങ്ങളിലും ബ്രിട്ടീഷു ഗവമ്മെണ്ടിനേക്കാൾ മുന്നോട്ടുപോയിരിക്കുന്നു എന്നഭിമാനിക്കുന്ന കൊച്ചി ഗവമ്മെണ്ടു് ഇവിടത്തെ ജയിലുകൾ നന്നാക്കുവാൻ നോക്കാത്തതു കഷ്ടമാണു്. ബ്രിട്ടീഷിൻഡ്യയിലെ ജയിലുകൾ പരിശോധിച്ചാൽ ഇവിടത്തേക്കാൾ ഭേദമാണെന്നു അറിയുവാൻ സാധിക്കും. പരമാർത്ഥത്തിൽ ഒരു വിധത്തിലുള്ള ഭീഷണികൾക്ക മാത്രം ജയിലുകൾ വെച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല, അന്തസ്സല്ല, അഭിമാനമല്ല. ഒരിക്കൽ ജയിലിൽ പോയാൽ പിന്നീടു ജയിലിൽ പോകാത്തവിധത്തിൽ ജനങ്ങളെ ശരിയാക്കികൊണ്ടു വരുന്നതിലാണു് ഒരു പരിഷ്കൃത ഗവമ്മെണ്ടിന്റെ അന്തസ്സിരിക്കുന്നതു". ജയിൽ നരകമാണെന്നുവെച്ചു പേടിച്ചിരിക്കുന്ന ഭീരുക്കളല്ല കൊച്ചി

LIBRARY ARCHIVES Kerala Legislative Assembly

യിൽ എല്ലാവരും. ജയിലിന്റെ അകത്താക്കിയ ആളുകളെ ഭീഷണിപ്പെടുത്തുന്നതു ഗവണ്മെണ്ടിന്റെ മൂഢതയാണു്. ഏതെങ്കിലും വിധത്തിൽ കുറെ സംഖ്യ അടുത്ത ബഡ്ജറ്റിൽ ഇതിലേക്കുണ്ടാക്കി കൊച്ചിയിലെ സബ്ജയിലുകൾ പരിഷ്കരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഗവണ്മെണ്ടിന്റെ അനുഭവപൂർവ്വമായ മറുപടിമൂലം എന്റെ ഈ പ്രമേയം പിൻവലിക്കുന്നതിനു സഭയുടെ അനുവാദം ചോദിച്ചുകൊള്ളുന്നു.

Resolution by leave withdrawn.

RESOLUTION No. 41

Expanding the area under and intensifying the cultivation of paddy

"This Council recommends to the Government that every endeavour may be made to expand the area under and intensify the cultivation of paddy".

മിസ്റ്റർ വി. ജെ. മത്തായി: ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കണമെന്നു് വിചാരിക്കുന്നില്ല. എങ്കിലും ഇതിനെ സംബന്ധിച്ചു് ഒരു വാക്കു മാത്രം പറയാമെന്നു വിചാരിക്കുന്നു. നെൽകൃഷി വളർത്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ളതാണു് എന്റെ പ്രമേയം. ഇതു് ഗവണ്മെണ്ടിൽനിന്നും ഒരു പ്രധാന സംഗതിയായിട്ടു് ഇപ്പോൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്. എന്നാൽ അതിനുവേണ്ടി നടത്തിവരുന്ന നടപടികളും എല്ലാം ശരിയാണെന്നു അഭിപ്രായം എനിക്കില്ല. അതുകൊണ്ടു് ജലസേചനം, ജല നിർഗമനം എന്നീ പദ്ധതികളും കുറെക്കൂടി കൂടുതലായ തോതിൽ നടത്തണമെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. ഈ പ്രമേയത്തെപ്പറ്റി വലിയ വാദപ്രതിവാദങ്ങളും നടത്തി ഈ സഭയുടെ സമയം കളയണമെന്നു എനിക്കു് വിചാരമില്ലാത്തതുകൊണ്ടു് ഞാൻ ഇതു് ഇവിടെ അവതരിപ്പിക്കുന്നില്ല.

RESOLUTION No. 42

Allowing aided school teachers to contest in Municipal Elections

Mr. T. S. Ramachandra Ayyar *(Nemmara)*: Sir, I rise to move the following resolution.—*"This Council recommends to the Government to amend the Municipal Electoral Rules as to allow aided school teachers to contest in elections to the Municipal Councils."*

The present municipal electoral rules do not permit aided school teachers to stand as candidates in municipal elections. But the Legislative Council Electoral Rules do not prohibit their standing to the Legislative Council, so also in Panchayat elections. So, they can stand as candidates in the Panchayat elections and the Legislative Council elections. I fail to note any rational basis in this distinction. Although municipal electoral rules prohibit an aided school teacher from standing as a candidate in municipal elections, we find teachers of colleges standing as candidates in municipal elections.

Mr. A. B. Salem *(Mattancheri)*: Teachers of which college?

Mr. T. S. Ramachandra Ayyar *(Nemmara)*: My information is that Mr. Nunez is a member of the Trichur Municipal Council. So, Government owes a duty to this House to explain the rational basis of this distinction.

The stock argument against aided school teachers participating in municipal elections is this, that if they are allowed to be members of municipal councils, they will interfere in local politics and it therefore affects their academic activities. If that objection is a valid objection, it must be equally applicable to Panchayat elections as well as Legislative Council elections. In short I fail to note any rhyme or reason in Government prohibiting teachers from standing at municipal elections, permitting them at the same time to stand in Panchayat and Legislative Council elections. With these words, I commend this resolution for the acceptance of the House.

Mr. V. K. Bhaskara Menon *(Cranganur)*: I second it.

Mr. V. J. Mathai *(Planters)*: On a point of information, will the Director of Public Instruction please inform us as to whether colleges are aided.

Rao Sahib I. N. Menon *(Director of Public Instruction)*: The St. Thomas College is not aided.

Mr. A. B. Salem *(Mattancheri)*: If this is to be done, the amendment of the Municipal Act would be necessary that aided school teachers can stand. The recommendation is to amend the Municipal Rules. That would not suffice at all. Even if Government accepts the resolution, the Act has to be amended by the Council. Therefore, this proposition would not be in order.

Mr. T. S. Ramachandra Ayyar *(Nemmara)*: Government can bring in an amendment.

Mr. A. B. Salem *(Mattancheri)*: You should have asked Government to amend the Act. To ask Government to amend the electoral rules carries nowhere. It is not in the proper form.

LIBRARY ARCHIVES Kerala Legislative Assembly